# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4256 — 12/11/2019-ൽ മറുപടിക്ക്

### ജലവൈദ്യുത പദ്ധതികൾക്ക് കേന്ദ്ര സബ്സിഡി

| | ചോദ്യം<br>**ശ്രീ.പി.ടി. തോമസ്** | | മറുപടി<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ജലവൈദ്യുത പദ്ധതികൾക്ക് കേന്ദ്ര സർക്കാർ പ്രത്യേക സബ്സിഡി അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. ചെറുകിട ജലവൈദ്യുതി പദ്ധതികൾക്ക്. ഒരു മെഗാവാട്ടിന് 3.5 കോടി രൂപ വച്ച്, പരമാവധി 20 കോടി രൂപയോ, ആകെ നിർമ്മാണ തുകയുടെ 90% തുകയോ, ഇതിൽ കുറഞ്ഞത് ഏതോ, ആ തുക Ministry of New & renewable Energy (MNRE) ഗ്രാൻഡ് ആയി ലഭിക്കും. |
| (ബി) | ഇത് സംസ്ഥാനത്തിന് എത്ര മാത്രം ഗുണകരമാണെന്ന് വിശദമാക്കുമോ; | (ബി) | പാരിസ്ഥിതികാഘാതങ്ങൾ കുറച്ചു കൊണ്ട്. ചെറുകിട ജലവൈദ്യുത പദ്ധതികൾ മുഖേന ലാഭകരമായി വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ഇത്തരം സാമ്പത്തിക സഹായം പ്രേരകമായിട്ടുണ്ട്. |
| (സി) | കേന്ദ്രസഹായം പ്രയോജനപ്പെടുത്തി പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | നിലവിൽ പുറത്തുനിന്നു വൈദ്യുതി വാങ്ങുന്നതിന് കെ.എസ്.ഇ.ബി. ഒരു വർഷം എന്ത് തുകയാണ് ചെലവഴിക്കുന്നത്; | (ഡി) | 2018-19 – ലെ കണക്കു പ്രകാരം പുറത്തുനിന്നും വൈദ്യുതി വാങ്ങിയതിന് 7869 കോടി രൂപയാണ് ചെലവാക്കിയത്. |
| (ഇ) | പുതിയ അണക്കെട്ടുകൾ നിർമ്മിക്കാതെ നിലവിലുള്ള പവർ ഹൗസുകളിൽ കൂടുതൽ ജനറേറ്ററുകൾ സ്ഥാപിക്കുന്ന കാര്യം ബോർഡ് പരിശോധിച്ചിട്ടുണ്ടോ; ഇതിലൂടെ എത്ര അധിക വൈദ്യുതി ഉല്പാദിപ്പിക്കുവാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നത്? | (ഇ) | പരിശോധിച്ചു വരുന്നു. വ്യക്തമായി കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ